പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1856 — 21.01.2014 - ൽ മറുപടിക്കുണ്ടായിരുന്നത്

## അശരണർക്കും ആലംബഹീനർക്കുമായി നടപ്പാക്കുന്ന വിവിധ പദ്ധതികൾ

ചോദ്യം

ശ്രീ. രാജു എബ്രഹാം

ഉത്തരം

ഡോ. എം.കെ. മുനീർ

(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സമൂഹത്തിലെ അശരണർക്കും ആലംബഹീനർക്കുമായി സാമൂഹ്യ നീതി വകുപ്പുവഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണ്; ഓരോ പദ്ധതിയുടെ പേരും വിശദാംശങ്ങളും സഹിതം വ്യക്തമാക്കാമോ; വിവിധ പദ്ധതികളുടെ അപേക്ഷാ ഫാറങ്ങൾ എവിടെ നിന്നാണ് ലഭിക്കുന്നത്; ഇവയുടെ പകർപ്പ് ലഭ്യമാക്കാമോ; ഈ പദ്ധതികളുടെ ഗുണ ഫലങ്ങൾ അർഹരായവർക്ക് എത്തിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (എ) | സമൂഹത്തിലെ അശരണർക്കും ആലംബഹീനർക്കുമായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><u>1.കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ</u><br><u>സഹായ ഉപകരണങ്ങളുടെ വിതരണം</u><br>ഈ പദ്ധതിയനുസരിച്ച് 72,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള വികലാംഗർക്ക് സഹായോപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നു. ഓരോ മൂന്ന് വർഷത്തിലൊരിക്കലാണ് വൈകല്യമുള്ളവർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്.<br><u>അംഗവൈകല്യമുള്ളവർക്ക് വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ് (വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയർ) തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെ സൗജന്യ വിതരണം</u><br>വികലാംഗ ക്ഷേമ കോർപ്പറേഷൻ അംഗവൈകല്യമുള്ള പഠിക്കുന്ന കുട്ടികൾക്കും മുതിർന്നവർക്കും വേണ്ട ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയറും, ഡിഗ്രി ലെവലിലോ അതിനു മുകളിലോ പഠിക്കുന്ന കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് ലാപ്ടോപ് (വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ് വെയർ) തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യുന്നതാണ്.<br><u>സ്വയം തൊഴിൽ പദ്ധതി(ബാങ്ക് ലോൺ സബ്സിഡി)</u><br>സ്വയംതൊഴിൽ പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട വൈകല്യമുള്ളവർക്ക് കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിയ്ക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്.<br><u>തികച്ചും അംഗവൈകല്യമുള്ള കുട്ടികൾക്ക് സ്ഥിര നിക്ഷേപ പദ്ധതി</u><br>സർക്കാർ ഉത്തരവ് ജി.ഒ.(ആർറ്റി) നമ്പർ |

346/2012/എസ്ഡബ്ളിയൂഡി തീയതി 30.07.2012 പ്രകാരം എട്ട് വയസ്സ് വരെ പ്രായമുള്ള, തികച്ചും വൈകല്യമുള്ള കുട്ടികളുടെ പേരിൽ ഒരു നിശ്ചിത തുകനിക്ഷേപിക്കുന്നു.

വികലാംഗരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം

ലോട്ടറി ഏജന്റുമാരായ അംഗവൈകല്യമുള്ളവർക്ക് അവരുടെ ലോട്ടറി കച്ചവടം വിപുലപ്പെടുത്താനും കൂടുതൽ വരുമാനം ലഭിക്കുവാനുമായി ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിനായി സംസ്ഥാനത്തുടനീളം ലോട്ടറി കച്ചവടം നടത്തുന്ന വികലാംഗർക്ക് 5000/- രൂപ വീതം ധനസഹായം നൽകി വരുന്നു.

സംസ്ഥാന തലത്തിൽ വികലാംഗ പുനരധിവാസ പദ്ധതി(എൻ.പി.ആർ.പി.ഡി പദ്ധതി) തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം ജില്ലകളിൽ നടപ്പാക്കൽ

കേരളത്തിലെ വികലാംഗരുടെ സമ്പൂർണ്ണ പുനരധിവാസം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച ഒരു ബൃഹത് പദ്ധതിയാണ് എൻ.പി.ആർ.പി.ഡി എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ദേശീയ വികലാംഗ പുനരധിവാസ പദ്ധതി. വികലാംഗരുടെ സമഗ്രമായ സർവ്വേ നടത്തിയശേഷം ആവശ്യാധിഷ്ഠിത പഠനം (Need Based Study) നടത്തി അംഗപരിമിതരുടെ പുനരധിവാസത്തിന് യഥാർത്ഥത്തിൽ ആവശ്യമായവ എന്താണെന്ന് കണ്ടെത്തി ആയവ ലഭ്യമാക്കുന്നതിനും അവരുടെ വാസസ്ഥാനത്തു അവർക്ക് സർവ്വതോന്മുഖമായ ക്ഷേമം ഉറപ്പുവരുത്തുന്നതിനാവശ്യമായ സൗജന്യ ചികിത്സാ, വിദ്യാഭാസം, തൊഴിലധിഷ്ഠിത പരിശീലനം, തൊഴിലവസരങ്ങൾ എന്നിവ ലഭ്യമാക്കുന്ന ഒരു സമ്പൂർണ്ണ പുനരധിവാസ പദ്ധതിയാണ് എൻ.പി.ആർ.പി.ഡി.

2. കേരള സാമൂഹ്യ സുരക്ഷാ മിഷൻ

ക്യാൻസർ സുരക്ഷാ പദ്ധതി

18 വയസ്സുവരെയുള്ള ക്യാൻസർ രോഗികളായ കുട്ടികളുടെ ജീവൻ സംരക്ഷിക്കുന്നതിന് പൂർണ്ണമായും സൗജന്യ ചികിത്സ അനുവദിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് ക്യാൻസർ സുരക്ഷാ പദ്ധതി.

താലോലം പദ്ധതി

ജനിതക രോഗങ്ങളും മറ്റ് ഗുരുതര രോഗങ്ങളും ബാധിച്ച കുട്ടികളെ പ്രാരംഭത്തിൽ തന്നെ രോഗത്തിൽ നിന്ന് മോചിതരാക്കി ആരോഗ്യമുള്ളവരാക്കി തീർക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ഈ പദ്ധതി ആനുകൂല്യം സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 15 ആശുപത്രികളിൽ ലഭിക്കുന്നതാണ്. ലബോറട്ടറി പരിശോധന, സർജറി, മരുന്ന് എന്നിവ പദ്ധതിയിൽ പൂർണ്ണമായും സൗജന്യമായി ലഭ്യമാണ്.

| | | | |
|---|---|---|---|
| | | | <u>ആശ്വാസ കിരണം പദ്ധതി</u><br>തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികളാൽ ശയ്യാവലംബരായവരേയും സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മാനസിക രോഗങ്ങൾ, ഓട്ടിസം എന്നീ വൈകല്യങ്ങളാൽ കഴിയുന്നവരേയും പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതി. പ്രതിമാസം 525/- രൂപ നിരക്കിലാണ് ധനസഹായം അനുവദിക്കുന്നത്.<br><u>സ്നേഹസ്പർശം പദ്ധതി</u><br>ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സ്നേഹസ്പർശം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. 1000/- രൂപ നിരക്കിലുള്ള പ്രതിമാസ ധനസഹായം 1314 ഗുണഭോക്താക്കൾക്ക് നൽകി വരുന്നു.<br><u>സ്നേഹ സാന്ത്വനം പദ്ധതി</u><br>എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രതിമാസ ധനസഹായം നൽകി സംരക്ഷിക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം. എൻഡോസൾഫാൻ ബാധിതരും ശയ്യാവലംബരുമായ വികലാംഗ പെൻഷൻ ലഭിക്കാത്ത ഗുണഭോക്താവിന് 2000/- രൂപയും വികലാംഗ പെൻഷൻ ലഭിക്കുന്ന ഗുണഭോക്താവിന് 1700/- രൂപയും മറ്റ് രോഗബാധിതരായവർക്ക് 1000/- രൂപയുമാണ് പദ്ധതി പ്രകാരം അനുവദിച്ച് നൽകുന്നത്.<br><u>എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭാസ ധനസഹായ പദ്ധതി</u><br>എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങുവാൻ പാടില്ലാ എന്ന ഉദ്ദ്യേശ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്, 1 മുതൽ 7 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 2000/- രൂപയും 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 3000/- രൂപയും +1,+2 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 4000/- രൂപയും വീതം വിദ്യാഭ്യാസ ധനസഹായവും ഈ പദ്ധതിയിലൂടെ നൽകിവരുന്നു.<br><u>വയോമിത്രം പദ്ധതി</u><br>നഗര പ്രദേശങ്ങളിലെ 65 വയസ്സിനുമുകളിൽ പ്രായമുള്ള വയോജനങ്ങളുടെ ആരോഗ്യ പരിരക്ഷാ ഉറപ്പ് വരുത്തുന്നതിന് വേണ്ടി ഹെൽപ്പ് ഡെസ്ക്, ആംബുലൻസ് സർവ്വീസ്, മൊബൈൽ ക്ലിനിക്ക്, പാലിയേറ്റീവ് ഹോം കെയർ, സൗജന്യ മെഡിസിൻ എന്നിവ നൽകി ആശ്വാസം പകരുകയെന്ന ഉദ്ദേശ്യത്തോടെയാണ് വയോമിത്രം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്. |

**സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അഡീഷണൽ കെയർ പ്രൊവൈഡേഴ്സിനെ വയ്ക്കുന്ന പദ്ധതി**

സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള മിക്ക ക്ഷേമ സ്ഥാപനങ്ങളിലും പ്രവേശിപ്പിക്കാൻ അനുമതിയുള്ള അന്തേവാസികളെക്കാൾ അധികം പേരെ താമസിപ്പിക്കാൻ സ്ഥാപന അധികൃതർ നിർബന്ധിതരായിട്ടുണ്ട്. അധികമായി പ്രവേശിക്കപ്പെട്ടിരിക്കുന്ന അന്തേവാസികൾക്ക് ആവശ്യമായ പരിരക്ഷ നൽകി അവരുടെ ശാരീരിക മാനസിക ശേഷി വർദ്ധിപ്പിക്കുകയെന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

**വിശപ്പുരഹിത നഗരം പദ്ധതി**

സംസ്ഥാനത്തെ എല്ലാ വ്യക്തികളും ഒരു ദിവസത്തിൽ ഒരു നേരമെങ്കിലും ഭക്ഷണം കഴിച്ചിരിക്കണം എന്ന ഉദ്ദേശ്യത്തോടെയാണ് വിശപ്പുരഹിത നഗരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്.

**ശ്രുതിതരംഗം പദ്ധതി**

ശ്രവണ വൈകല്യമുള്ള കുട്ടികളെ വളരെ ചെറുപ്പത്തിൽ തന്നെ കണ്ടെത്തി കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ വൈകല്യം മാറ്റയെടുക്കാവുന്നതാണ്. 5 വയസ്സിന് താഴെയുള്ള കുട്ടികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക.

**വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പിലൂടെ വികലാംഗർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും തൽസമയം വിതരണം ചെയ്യുന്ന പദ്ധതി**

വികലാംഗർക്ക് പ്രാദേശികതല ക്യാമ്പുകൾ സംഘടിപ്പിച്ച് തിരിച്ചറിയൽ കാർഡും മെഡിക്കൽ സർട്ടിഫിക്കറ്റും തൽസമയം വികലാംഗർക്ക് നൽകുകയെന്ന ഉദ്ദേശ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.

**സ്നേഹപൂർവ്വം പദ്ധതി**

മാതാപിതാക്കൾ രണ്ടുപേരും മരിച്ചുപോവുകയോ, ഒരാൾ മരിക്കുകയും ജീവിച്ചിരിക്കുന്നയാൾക്ക് കുട്ടികളെ സംരക്ഷിക്കാൻ സാമ്പത്തിക സ്ഥിതിയില്ലാതാവുകയും ചെയ്യുന്ന വീടുകളിലെ കുട്ടികൾ അവരുടെ കുടുംബാംഗങ്ങളുടെ സംരക്ഷണയിൽ വളർന്ന് വിദ്യാഭ്യാസം നേടുകയെന്ന ഉദ്ദേശ്യത്തോടെ ഇവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്. 1 മുതൽ ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ/കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാണ്.

**ഒ.ആർ.സി പദ്ധതി**

കുട്ടികളിൽ കുറ്റവാസനകളുടേയും മയക്കുമരുന്നുകളുടേയും മദ്യത്തിന്റെയും ഉപയോഗവും സാമൂഹ്യവിരുദ്ധ മനോഭാവവും വളരുന്നതു തടഞ്ഞ് ഇവരെ സന്മാർഗികളായി കൊണ്ടുവരികയെന്ന ഉദ്ദേശ്യത്തോടുകൂടി വിദ്യാഭ്യാസ വകുപ്പിനേയും, അഭ്യന്തര

വകുപ്പിനേയും പൊതുസമൂഹത്തേയും കൂട്ടിയിണക്കിക്കൊണ്ട് നടപ്പാക്കുന്ന പദ്ധതിയാണ് ഒ.ആർ.സി.

<u>സ്റ്റേറ്റ് ഇൻഷ്യറ്റീവ് ഓൺ ഡിസെബിലിറ്റീസ് (എസ് ഐ ഡി)</u>

വൈകല്യം തടയുന്നതിനായി പ്രാരംഭനിർണ്ണയം, പ്രാരംഭഇടപെടൽ, വിദ്യാഭാസം, തൊഴിൽ, പുനരധിവാസം എന്നിവ ലഭ്യമാക്കി സർക്കാർ പ്രത്യേകം താൽപ്പര്യമെടുത്ത് നടപ്പിലാക്കുന്ന പദ്ധതിയാണിത്. വൈകല്യം തടയുന്നതിനായി സംസ്ഥാനത്തെ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന എല്ലാ പെൺകുട്ടിക്കും Rubella Vaccination നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. കൂടാതെ 15 മുതൽ 18 മാസം വരെ പ്രായമായ കുട്ടികൾക്ക് എം എം ആർ Vaccination നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രാരംഭ നിർണ്ണയത്തിന്റെ ഭാഗമായി അംഗൻവാടി വർക്കർമാർക്ക് വൈകല്യം കണ്ടെത്തുന്നതിനുള്ള അടിസ്ഥാന പരിശീലനം നൽകുന്നതിനും എല്ലാ ജില്ലകളിലും Early Intervention Center ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>സമാശ്വാസം പദ്ധതി</u>

സംസ്ഥാനത്ത് വൃക്ക തകരാർ മൂലം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബങ്ങളിൽപ്പെട്ട രോഗികൾക്ക് ചെറിയൊരാശ്വാസം എന്ന നിലയിൽ പ്രതിമാസ ധനസഹായം അനുവദിച്ച് സഹായിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സമാശ്വാസം. മാസത്തിലൊരു പ്രാവശ്യമെങ്കിലും ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽ പെടുന്നവരായിരിക്കും പദ്ധതി ഗുണഭോക്താക്കൾ. ടി രോഗികൾക്ക് 525/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം നൽകുന്നതിന് 28.01.2013-ൽ സർക്കാർ ഉത്തരവായി. ടി നിരക്ക് 01.07.2013 ൽ 900 രൂപയാക്കി വർദ്ധിച്ചിട്ടുണ്ട്.

മേൽ പരാമർശിത പദ്ധതികളിൽ ആശ്വാസ കിരണം, സ്നേഹസ്പർശം, സ്നേഹ സാന്ത്വനം, എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള വിദ്യാഭ്യാസ ധനസഹായം, ശ്രുതി തരംഗം, വൈകല്യ നിർണ്ണയ സർട്ടിഫിക്കേഷൻ ക്യാമ്പ്, സ്നേഹപൂർവ്വം, സമാശ്വാസം എന്നീ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷകൾ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലും, കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിലും ലഭ്യമാണ്. ഈ പദ്ധതിയുടെ ഗുണഫലങ്ങൾ അർഹരായവർക്ക് ലഭിക്കുന്നതിനായി പദ്ധതികളുടെ വിശദാംശങ്ങൾ അടങ്ങിയ ലഘുരേഖകൾ, ബ്രൗഷറുകൾ, ന്യൂസ് ലെറ്ററുകൾ എന്നിവ പ്രിന്റ് ചെയ്ത് വിതരണം ചെയ്യുന്നുണ്ട്.

അപേക്ഷകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.

| | | | |
|---|---|---|---|
| (ബി) | സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന ലൈംഗിക അതിക്രമം, പീഡനം, ചൂഷണം എന്നിവ തടയുന്നതിനും ഇതിന് ഇരയാകുന്നവർക്ക് ആശ്വാസം നൽകുന്നതിനും സാമൂഹ്യ നീതി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ ; | (ബി) | സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന ലൈംഗിക അതിക്രമം, പീഡനം, ചൂഷണം എന്നിവ തടയുന്നതിനും ഇതിന് ഇരയാകുന്നവർക്ക് ആശ്വാസം നൽകുന്നതിനുമായി സാമൂഹ്യനീതി വകുപ്പ് '**നിർഭയ**' എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകി നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രധാനമായും 4 ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ്. പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ്,പുനരധിവാസം എന്നീ മേഖലകളിലാണ് പദ്ധതി ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടാകുന്ന പീഡന സംഭവങ്ങളിൽ പൊതുജനശ്രദ്ധയും, അവബോധവും സൃഷ്ടിക്കുന്നതിനായിട്ടുള്ള പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി FM റേഡിയോകൾ, ഹ്രസ്വചിത്രങ്ങൾ എന്നീ ഉപാധികളെ ആശ്രയിക്കുന്നു. പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്നതിനായി 14 ജില്ലാ ആശുപത്രികളിലും 7 താലൂക്ക് ആശുപത്രികളിലും പ്രവർത്തിച്ചിരുന്ന **ഭൂമിക** സെന്ററുകളെ വൺ സ്റ്റോപ്പ് ക്രൈസിസ് സെല്ലാക്കി മാറ്റിയിട്ടുണ്ട്. ഈ കേന്ദ്രത്തിൽ പോലീസ്, ആരോഗ്യ, സാമൂഹ്യനീതി വകുപ്പ്, ലീഗൽ സർവ്വീസ് അതോറിറ്റി എന്നിവയിലെ ഉദ്യോഗസ്ഥരുടെ സേവനം ലഭിക്കുന്നതാണ്.<br>വീടുകളിൽ മടങ്ങി പോകാൻ കഴിയാത്തവരെ സംരക്ഷിക്കുന്നതിനായി 14 ജില്ലകളിലും, **നിർഭയ** ഷെൽട്ടർ ഹോമുകൾ ആരംഭിക്കുവാൻ തീരുമാനിച്ചു. തിരുവനന്തപുരത്ത് നിലവിലുള്ള ഷെൽട്ടർ ഹോമിന്റെ പ്രവർത്തനം കേരള മഹിളാ സമഖ്യ സൊസൈറ്റി നടത്തി വരുന്നു. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, ഇടുക്കി, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഉടൻ നിർഭയ ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എറണാകുളം, പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നിർഭയ ഷെൽട്ടർ ഹോമുകളുടെ നിർമ്മാണത്തിനായി ഭരണാനുമതി ലഭ്യമാക്കുകയും, ഫണ്ട് പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്.<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഡനങ്ങൾ തടയുന്നതിന് പൊതുജന പങ്കാളിത്തം ഉറപ്പു വരുത്തിക്കൊണ്ട് പഞ്ചായത്ത് തല ജാഗ്രത സമിതികൾ പുന:സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന ലൈംഗിക അതിക്രമം, പീഡനം, ചൂഷണം എന്നിവ തടയുന്നതിനും അതിന് ഇരയാകുന്നവർക്ക് ആശ്വാസം നൽകുന്നതിനും കേരള വനിതാ കമ്മീഷൻ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.<br>1. സ്ത്രീകൾക്കെതിരെയുള്ള അതിക്രമം, പീഡനം, ചൂഷണം എന്നിവ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ചുള്ള പരാതികളും സ്വീകരിക്കുകയും അവയ്ക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും, ഇവ തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ ഫലപ്രദമാണോ എന്ന് പരിശോധിക്കുകയും ആവശ്യമായ ഭേദഗതികൾ സർക്കാരിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തു വരുന്നു.<br>2. സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണ പഠനങ്ങൾ നടത്തുകയും അവയുടെ അടിസ്ഥാനത്തിൽ സർക്കാരിന് ശുപാർശ നൽകുകയും ചെയ്യുന്നു.<br>3. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമം, പീഡനം, ചൂഷണം എന്നിവ തടയാൻ പഞ്ചായത്ത് തലത്തിൽ ജാഗ്രതാ സമിതികൾ രൂപീകരിക്കുകയും അവ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു.<br>4. അതിക്രമത്തിന് വിധേയരാകുന്നവർക്ക് അടിയന്തിര സഹായത്തിന് short stay home,കൗൺസലിംഗ്, സൗജന്യ നിയമോപദേശം, നിയമ ബോധവൽക്കരണ സെമിനാറുകൾ, സ്കൂൾ കോളേജ് തലങ്ങളിലുള്ള വിദ്യർത്ഥികൾക്ക് ബോധവൽക്കരണത്തിനായി കലാലയജ്യോതി എന്നിവ നടത്തുകയും ചെയ്യുന്നു. |
| (സി) | 'നിർഭയ' എന്ന പേരിൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; ഈ പദ്ധതിയിൽ വിഭാവനം ചെയ്യുന്നത് എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) | കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നിർഭയ പദ്ധതിയിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള അപേക്ഷ നൽകിയിട്ടുണ്ട്. 300 കോടി രൂപയുടെ പദ്ധതികളായിരുന്നു സമർപ്പിച്ചത്.<br>സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന ലൈംഗിക അതിക്രമം, പീഡനം എന്നിവ തടയുന്നതിനും ഇതിന് ഇരയാകുന്നവർക്ക് ആശ്വാസം നൽകുന്നതിനും 'നിർഭയ' പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതിൽ പ്രധാനമായും പ്രതിരോധം, സംരക്ഷണം, നിയമനടത്തിപ്പ്, പുനരധിവാസം എന്നീ മേഖലകളിലെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>കേന്ദ്ര സർക്കാരിന്റെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**